## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 813** 5.06.2018 -ൽ മറുപടിയ്ക്ക്

**മലബാർ ക്രൂസ് ടൂറിസം പദ്ധതി**

ചോദ്യം
ശ്രീ.സി.കൃഷ്ണൻ :

മറുപടി
ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മലബാർ ക്രൂസ് ടൂറിസം പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതുവരെ നടന്നത് എന്ന് വിശദമാക്കാമോ ; | എ) | കേന്ദ്ര ടൂറിസം മന്ത്രാലയം നടപ്പിലാക്കി വരുന്ന സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി അനുമതി നേടുന്നതിനായി 1,03,84,94,706/- (നൂറ്റിമൂന്നു കോടി എൺപത്തിനാലു ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി എഴുന്നൂറ്റി ആറ്) രൂപയുടെ മലനാട് -മലബാർ- റിവർ ക്രൂയിസ് ടൂറിസം പ്രോജക്ട് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. പദ്ധതി കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സജീവ പരിഗണനയിലുമാണ്.<br>കൂടാതെ സംസ്ഥാന സർക്കാരിന്റെ തനത് ഫണ്ടിൽ നിന്നും മലനാട് നോർത്ത് റിവർ ക്രൂയിസ് ടൂറിസം പദ്ധതിയുടെ വിവിധ 14 ഇനങ്ങളിലായി ആകെ 40,81,85,382/- കോടി രൂപയുടെ ഭരണാനുമതി ഇതിനകം നൽകി കഴിഞ്ഞിട്ടുണ്ട്. ഇത് സംബന്ധിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു. ഈ പട്ടികയിലെ പഴയങ്ങാടി ബോട്ട് ടെർമിനൽ 48% പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണ ചുമതല സംസ്ഥാന സർക്കാരിന്റെ ഇൻലാൻഡ് നാവിഗേഷൻ വകുപ്പിനാണ്. |
| ബി) | പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | ബി) | പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## മലനാട് നോർത്ത് മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതി

### കണ്ണൂർ ജില്ല - 40,81,85,382/-

| നമ്പർ | പദ്ധതിയുടെ പേര് | നിയോജക മണ്ഡലം | ഭരണാനുമതി ലഭിച്ച തീയതി | അനുവദിച്ച തുക |
|---|---|---|---|---|
| 1 | പഴയങ്ങാടി ബോട്ട് ടെർമിനൽ | കല്യാശ്ശേരി | 28.03.2017 | 3,00,00,000 |
| 2 | പറശ്ശിനിക്കടവ് ബോട്ട് ടെർമിനൽ | തളിപ്പറമ്പ് | 25.03.2017 | 4,88,80,000 |
| 3 | ധർമ്മടം ബോട്ട് ടെർമിനൽ | ധർമ്മടം | 23.10.2017 | 3,20,33,933 |
| 4 | പാറപ്രം ബോട്ട് ടെർമിനൽ | | 23.10.2017 | 3,47,00,000 |
| 5 | പിണറായി കമ്പനിമൊട്ട ബോട്ട് ടെർമിനൽ | | 23.10.2017 | 3,47,82,683 |
| 6 | ചാമ്പാട് ബോട്ട് ജെട്ടി | | 20.10.2017 | 94,55,700 |
| 7 | പെരിങ്ങത്തൂർ ബോട്ട് ടെർമിനൽ | കൂത്തുപറമ്പ് | 20.10.2017 | 1,11,43,433 |
| 8 | കരിയാട് ബോട്ട് ടെർമിനൽ | | 23.10.2017 | 3,03,46,200 |
| 9 | മോന്താൽ ബോട്ട് ടെർമിനൽ | | 21.10.2017 | 1,11,43,433 |
| 10 | കാക്കടവ് ബോട്ട് ടെർമിനൽ | തലശ്ശേരി | 12.03.2018 | 3,03,00,000 |
| 11 | പാത്തിക്കൽ ബോട്ട് ജെട്ടി | | 12.03.2018 | 1,75,00,000 |
| 12 | ന്യൂ മാഹി ബോട്ട് ടെർമിനൽ | | 12.03.2018 | 5,02,00,000 |
| 13 | പുന്നക്കടവ് ബോട്ട് ജെട്ടി | പയ്യന്നൂർ | 12.03.2018 | 1,75,00,000 |
| 14 | മുക്കുവച്ചേരി ബോട്ട് ടെർമിനൽ | | 12.03.2018 | 5,02,00,000 |

സെക്ഷൻ ഓഫീസർ